### ജൈവനെല്ലുൽപാദന ശില്പശാല

# വയൽനാടിനെ രക്ഷിക്കാൻ ഒരു കൂട്ടായ്മ

**വയനാട് നെൽവയൽ സംരക്ഷണ കൂട്ടായ്മ, തണൽ തിരുവനന്തപുരം**

2005 ഒക്ടോബർ 22-23 ന്
സുൽത്താൻ ബത്തേരി ഡയറ്റിൽ നടന്ന
പരിപാടിയിൽ നിന്ന്

നെൽകൃഷിയും നെൽവയലുകളും നേരിടുന്ന തകർച്ചയെക്കുറിച്ച് ആശങ്കാകുലരായ കർഷകരുടെയും സംഘടനകളുടെയും രണ്ടു ദിവസത്തെ കൂടിച്ചേരൽ വയനാട്ടിലെ നെൽകർഷകരുടെ പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ഒട്ടേറെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും മുന്നോട്ട് വെയ്ക്കുകയും ചെയ്തു. നെൽവയലുകൾ സംരക്ഷിക്കാനും നെല്ല് അടിസ്ഥാനമാക്കിയുള്ള നിലനിൽക്കുന്ന ഒരു കാർഷിക വ്യവസ്ഥ ഉണ്ടാക്കിയെടുക്കുവാനുമായി ഒരുമിച്ചു നിന്നുകൊണ്ട് പ്രവർത്തിക്കാനും ഈ കൂട്ടായ്മയ്ക്കെത്തിയ എല്ലാവരും തീരുമാനമെടുത്തു. രണ്ടുദിവസമായി നടന്ന ചർച്ചകളിലും ക്ലാസ്സുകളിലും നിന്ന് ഉരുത്തിരിഞ്ഞുവന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു. കർഷകർ മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി ജില്ലയിലെ പഞ്ചായത്ത് ഭരണസമിതിയും കൃഷിവകുപ്പും കർഷക സംഘടനകളും ഉപഭോക്താക്കളും വിദ്യാർത്ഥികളും എല്ലാമായി ഈ നിർദ്ദേശങ്ങൾ പങ്കുവയ്ക്കപ്പെടേണ്ടതാണെന്നും തീരുമാനിച്ചു.

### തിരിച്ചറിയലുകൾ

- വയനാടിന്റെ നിലനിൽപ്പിനും പരിസ്ഥിതി പുനഃസ്ഥാപനത്തിനും കാർഷിക വികസനത്തിനും നെൽവയലുകൾ നിലനിൽക്കേണ്ടത് അത്യാവശ്യമാണ്.
- വയനാട്ടിൽ ഏറിവരുന്ന വരൾച്ചക്ക് ആക്കം കൂട്ടാൻ നെൽവയലുകളുടെ നാശം കാരണമായിട്ടുണ്ട്.
- നെൽവയലുകൾ നിലനിർത്തുന്ന ജൈവവൈവിധ്യവും കാർഷിക വൈവിധ്യവും വയനാടിന്റെ പൊതുപൈതൃകമാണ്.
- വയനാടൻ ഗ്രാമീണ ജനതയുടെ തൊഴിലും സാമ്പത്തിക സ്ഥിതിയും ഭക്ഷ്യസുരക്ഷിതത്വവും നിലനിർത്തുന്നതിൽ നെൽകൃഷിക്ക് വലിയൊരു പങ്കുണ്ട്.
- മനുഷ്യന് മാത്രമല്ല മറ്റു ജന്തുജാലങ്ങളുടെ നിലനിൽപ്പിനും നെൽപ്പാടങ്ങൾ സംരക്ഷിക്കപ്പെടണം. കാട് പോലെ തന്നെ പാരിസ്ഥിതിക പ്രാധാന്യമുള്ള ഒരു ആവാസവ്യവസ്ഥയാണ് നെൽപ്പാടങ്ങൾ.
- വയനാടിന്റെ തനതു നെൽവിത്തുകൾ വയനാട്ടുകാരുടെ പൊതുസ്വത്താണ്. വയ്ക്കോലും നെല്ലും തരുന്ന ഈ വിത്തുകൾ കർഷകരുടെ കൃഷിഭൂമിയിൽ തന്നെ സംരക്ഷിക്കപ്പെടേണ്ടതാണ്.
- വ്യാപകമായി നെൽപ്പാടങ്ങൾ വാഴകൃഷിക്ക് മാറ്റിയ സ്ഥലങ്ങളിൽ കീടനാശിനികളുടെ അതിഭയങ്കരമായ ഉപയോഗമാണ് കൃഷിക്കാർ തുടരുന്നത്. ഇത് പലവിധ പ്രശ്നങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്. വെള്ളവും മണ്ണും മാരകവിഷങ്ങൾകൊണ്ട് നിറഞ്ഞതും, കാൻസർ രോഗികൾ പെരുകുന്നതും, കുട്ടികൾക്ക് വിഷബാധയേൽക്കുന്നതും, വാഴക്കുല വിൽക്കാനാകാതെ വരുന്നതും, വിലയിടിയുന്നതും, കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നതുമൊക്കെ ഇത്തരം പ്രത്യാഘാതങ്ങളിൽ ചിലതാണ്.
- വയനാട്ടിലെ ആദിവാസികൾ ഇപ്പോഴും നെൽകൃഷിയിലെ പാരമ്പര്യ രീതികൾ നിലനിർത്തുന്നവരാണ്. അവരുടെ ഭൂമിയും അറിവുകളും വിത്തും കാലഹരണപ്പെട്ടുപോകാതെയും ചൂഷണങ്ങൾക്ക് വിധേയമാകാതെയും സംരക്ഷിക്കപ്പെടേണ്ടതാണ്. മനുഷ്യന്റെ ഭാവി നിലനിൽപ്പിന് ഇവയെല്ലാം അത്യാവശ്യമാണ്.

### ശില്പശാല അംഗീകരിച്ച് മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങൾ

ഇത്രയും പ്രാധാന്യമർഹിക്കുന്ന നെൽകൃഷിക്ക് വേണ്ടുന്ന പരിഗണന നൽകി സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി ചർച്ച ചെയ്യപ്പെടുകയും അത് നടപ്പാക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കുകയും വേണം. പഞ്ചായത്ത് തോറും ഇതിനുവേണ്ട നടപടികൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

1. ഏറ്റവും അത്യാവശ്യമായി നിലനിർത്തേണ്ടുന്ന ഒരു കൃഷിയായി നെൽകൃഷിയെ അംഗീകരിക്കുക. നെൽകർഷകർക്കു വേണ്ടി മാത്രമല്ല, സമൂഹത്തിന്റെ മൊത്തം നിലനിൽപ്പിന്റെയും ആധാരമാണ് നെൽപ്പാടങ്ങൾ.

2. ഇപ്പോൾ നെൽകൃഷി ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കാൻ നല്ലൊരു തുക സഹായധനമായി നൽകുക. മറ്റു വിളകളിൽ നിന്ന് നെൽകൃഷിയിലേക്ക് മാറാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക. ഈ മാറ്റത്തിനു വേണ്ട സാമ്പത്തിക സഹായം നൽകുക.

3. പഞ്ചായത്ത് തലത്തിൽ വയലുകളുടെ സ്ഥിരമായ മാറ്റം (Permanent conversion) നിരോധിക്കുക.

4. നെൽവയലുകളിലെ വാഴകൃഷിക്ക് പരിധി നിശ്ചയിക്കുക. അതിലെ കീടനാശിനി പ്രയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തുക.

5. വാഴക്കും ഇഞ്ചിക്കും നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ (പ്രത്യേകിച്ച് വിളനാശം സംഭവിക്കുമ്പോൾ നൽകുന്ന തുക) നിർത്തിവയ്ക്കുകയും പകരം അത് നെൽകൃഷിക്ക് നൽകുകയും ചെയ്യുക.

6. നെൽപ്പാടങ്ങളുടെ പാരിസ്ഥിതിക പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക.

7. ഓരോ പഞ്ചായത്തിലെയും ജലസ്രോതസ്സുകൾ (തലക്കുളങ്ങൾ, തോടുകൾ, ചതുപ്പുകൾ എന്നിവ) സംരക്ഷിക്കാനും നെൽകൃഷിക്ക് ജലം ലഭ്യമാക്കാനുമുള്ള ശ്രമങ്ങൾ ആരംഭിയ്ക്കുക.

8. പഞ്ചായത്ത് തലത്തിൽ നെൽകൃഷി സംരക്ഷണത്തിനു വേണ്ടി കർഷക സമിതികൾക്ക് രൂപം കൊടുക്കുക.

9. പഞ്ചായത്ത് തലത്തിൽ കീടനാശിനികളെകുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങുക.

10. വിത്ത് ബില്ല്, കർഷകരുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട മറ്റ് നിയമങ്ങൾ, എന്നിവയെ കുറിച്ച് (Plant Variety Protection and Farmers Rights Acts) ചർച്ചകൾ സംഘടിപ്പിക്കുകയും ഇത്തരത്തിലുള്ള നയങ്ങളെപ്പറ്റി പൊതു അഭിപ്രായം രൂപീകരിക്കുകയും ചെയ്യുക.

11. സാമ്പത്തികമായി നഷ്ടമായിക്കൊണ്ടിരിക്കുന്ന നെൽകൃഷി നിലനിർത്താൻ വേണ്ടി പൊതുസമൂഹത്തിന്റെയും സർക്കാരിന്റെയും പിന്തുണ ഉറപ്പാക്കുക. നെൽകൃഷി ഒരു പൊതു സാംസ്കാരിക പൈതൃകമാണ്.

12. വയനാടിന്റെ തനത് നെൽവിത്തുകൾ സംരക്ഷിക്കാനായി പഞ്ചായത്ത് തലത്തിൽ കർഷക സമിതികളുടെ നിയന്ത്രണത്തിലുള്ള വിത്ത് ബാങ്കുകൾ ആരംഭിക്കുക.

13. കീടനാശിനികളുടെ ഉല്പാദനത്തിലും വില്പനയിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക. അതിമാരകമായ രാസകീടനാശിനികൾ നിരോധിക്കുക. പഞ്ചായത്ത്, മുനിസിപ്പാലിറ്റി അധികൃതരെയും ആർ.ഡി.ഒ., ജില്ലാകളക്ടർ എന്നിവരെയും ഉൾക്കൊള്ളിച്ച് മാരകങ്ങളായ കീടനാശിനികളും രാസവസ്തുക്കളും നിരോധിക്കാനുള്ള നടപടികൾ എടുക്കുക.

14. പഞ്ചായത്ത് തലത്തിൽ നെല്ല് സംഭരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. ഇന്ന് നൽകുന്ന തുച്ഛമായ ബോണസ്സിനുപകരം നെൽകൃഷിയിൽ ലാഭം കിട്ടുന്ന രീതിയിൽ വില നിശ്ചയിക്കുക. പൊതു കൃഷിക്കളങ്ങൾ തിരിച്ചുകൊണ്ടുവരിക.

15. നെൽകൃഷിക്ക് വിള ഇൻഷുറൻസ് നൽകുക.

16. ഡക്കാൻ പീഠഭൂമിയിൽ നിന്ന് വയനാട്ടിലേക്ക് എത്തിക്കൊണ്ടിരിക്കുന്ന വരൾച്ചയെ ചെറുത്തു നിൽക്കാൻ അടിയന്തിര പ്രാധാന്യത്തോടെ ഗ്രീൻ ബെൽറ്റ് വച്ചുപിടിക്കുക. ഇതിന് മുഴുവൻ സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

17. വയനാട്ടിലെ കർഷക ആത്മഹത്യയെകുറിച്ച് കൃത്യമായ പഠനങ്ങൾ നടത്തുക. ഇഞ്ചിയും വാഴയും മറ്റു നാണ്യവിളകളും വൻതോതിൽ കൃഷിചെയ്യുന്നവരാണ് കൂടുതൽ ആത്മഹത്യ ചെയ്തിട്ടുള്ളത്.

18. വയനാട്ടിൽ ദിനംപ്രതി അധികരിച്ചുവരുന്ന കാൻസർ പോലുള്ള രോഗങ്ങളെകുറിച്ച് ജനകീയ പഠനങ്ങൾ നടത്തുക.

19. രാസകീടനാശിനികൾ കൊണ്ടുള്ള കൂടുതൽ ദുഷ്യഫലങ്ങൾ അനുഭവിക്കുന്നത് കൂലിപ്പണിക്കാരാണ്. അവർക്ക് ജോലിയിൽ സുരക്ഷിതത്വം ഉറപ്പാക്കുക.

20. ജൈവരീതിയിൽ നെല്ല് ഉല്പാദിപ്പിക്കുന്നതിനും വിൽക്കുന്നതിനും വേണ്ട പ്രോത്സാഹനങ്ങളും നടപടികളും ഉടൻ ആരംഭിക്കുക. വിളചംക്രമണം, സമ്മിശ്രകൃഷി എന്നിവക്ക് ഊന്നൽ നൽകുന്ന വൈവിധ്യമാർന്ന ഭക്ഷ്യവിളകൾക്ക് മുൻതൂക്കം നൽകുന്ന ഒരു നയമായിരിക്കണം ജൈവകൃഷിക്കായി വേണ്ടത്.

21. വന്യമായ (കൃഷി ചെയ്യാതെ സ്വാഭാവികമായി വയലിലും പറമ്പിലും മറ്റും ഉണ്ടാകുന്ന) ഭക്ഷ്യവിളകളുടെ പ്രാധാന്യത്തെക്കുറിച്ചും അവ നിലനിർത്തേണ്ടുന്നതിനെക്കുറിച്ചും ബോധവൽക്കരണവും പ്രവർത്തനങ്ങളും ഉടൻതന്നെ ആരംഭിക്കുക.

22. നെൽകൃഷിയുടെയും നെൽപാടങ്ങളുടെയും പാരിസ്ഥിതിക - സാംസ്കാരിക - സാമ്പത്തിക പ്രാധാന്യത്തെക്കുറിച്ച് സ്കൂൾ കുട്ടികളുടെയിടയിൽ അവബോധം സൃഷ്ടിക്കുക.

23. വരൾച്ച-വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി കിട്ടുന്ന തുകയുടെ ഒരു ഭാഗം നെൽവയലുകളുടെയും നെൽകൃഷിയുടെയും സംരക്ഷണത്തിനായി ഉപയോഗിക്കുക. നെൽവയലുകൾ സ്വാഭാവിക ജലസംഭരണികളാണ്.

24. വയലുകളുമായി ബന്ധപ്പെട്ട മറ്റു ജലസ്രോതസ്സുകൾ സ്വാഭാവിക രീതിയിൽ സംരക്ഷിക്കാൻ പരമ്പരാഗത അറിവുകളും ജനങ്ങളുടെ കർമ്മശേഷിയും ഉപയോഗപ്പെടുത്തുക.

25. വയനാട്ടിലെ സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനു വേണ്ട അരിയും മറ്റു ഭക്ഷ്യവസ്തുക്കളും വയനാട്ടിലെ കർഷകരിൽനിന്നും സംഭരിക്കുക. ഈ ഭക്ഷ്യവസ്തുക്കൾ ജൈവരീതിയിൽ ഉൽപാദിപ്പിക്കുന്നതിനായി കൃഷിക്കാരെ ബോധവൽക്കരിക്കുകയും സഹായിക്കുകയും ചെയ്യുക.

# ഏഷ്യയിലെ നെല്ലുസംരക്ഷിക്കുന്നതിനുള്ള ജനങ്ങളുടെ പ്രസ്താവന

ഞങ്ങൾ, ഏഷ്യയിലെ ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് ഏഷ്യയിലെ നെൽകൃഷി നേരിടുന്ന പ്രശ്നത്തിൽ ഞങ്ങളുടെ ശക്തമായ നിലപാട് വ്യക്തമാക്കുകയും, മേഖലാ, ദേശീയ അന്താരാഷ്ട്ര തലങ്ങളിൽ കാർഷിക, ഭക്ഷ്യ നയങ്ങളെക്കുറിച്ച് തീരുമാനമെടുക്കുന്നവരോട് ഏഷ്യയിലെ നെല്ല് സംസ്കാരം സംരക്ഷിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

## നെല്ല് – ഏഷ്യയുടെ ജീവൻ

ഏഷ്യയിലെ ഏറ്റവും അഗാധമായി ആരാധിക്കപ്പെടുന്ന നിധികളിലൊന്നാണ് നെല്ല്. ഇത് ഏഷ്യൻ ജീവിതരീതിയുടെ കേന്ദ്രബിന്ദുവാണ്, ഇത് സംസ്കാരവും ആത്മീയതയും പാരമ്പര്യവും ചട്ടങ്ങളുമാണ്. മൂന്നു ബില്യൻ ജനങ്ങളുടെ അതായത് ലോകത്തെ ആകെ ജനസംഖ്യയുടെ പകുതിയുടെ മുഖ്യാഹാരമായ അരി ഏഷ്യയിലെ ജനതയുടെ ജീവനാണ്.

7000 വർഷങ്ങളായി ഏഷ്യയിൽ നെല്ല് കൃഷി ചെയ്യുന്നുണ്ട്. ചൈനയിൽ അടുത്തകാലത്ത് നടന്ന ചില കണ്ടുപിടുത്തങ്ങൾക്ക് ഇത് 10000 വർഷം വരെയാകാം എന്ന് കാണിക്കുന്നു. കഴിഞ്ഞ ദശാബ്ദങ്ങളിൽ ഏഷ്യൻ നെൽകർഷകരുടെയും ഉപഭോക്താക്കളെയും തദ്ദേശീയ, പാരമ്പര്യ വിത്തുകളും പ്രകൃതി നെൽകൃഷിയും സുരക്ഷിതമായി നിലനിർത്തി പോന്നിട്ടുണ്ട്.

ഈ സമ്പന്നമായ സംസ്കാരത്തിന്റെ കാതലായ ഘടകങ്ങൾ നെൽജ്ഞാനത്തിന്റെ അഞ്ചു തൂണുകളിൽ ആലേഖനം ചെയ്തിരിക്കുന്നു. അവ: നെൽ സംസ്കാരം, സമൂഹങ്ങളുടെ അറിവ്, ജൈവവൈവിധ്യം ആധാരമാക്കിയുള്ള പ്രകൃതി കൃഷി, സുരക്ഷിതമായ ഭക്ഷണവും ഭക്ഷ്യപരമാധികാരവും എന്നിവയാണ്.

## ഭീഷണികൾ

കഴിഞ്ഞ അഞ്ചുദശാബ്ദങ്ങളായി നമ്മുടെ നെൽസംസ്കാരത്തിന് വളരെയധികം ശോഷണം സംഭവിച്ചിട്ടുണ്ട്. അതിനുമപ്പുറത്ത് ഇന്നത് പൂർണ്ണമായും നശിച്ചു പോയേക്കാവുന്ന രീതിയിൽ അപകടത്തിലുമാണ്.

നെൽവയലുകൾ, പുഷ്പ കൃഷിക്കും, ജൈവ ഇന്ധനത്തിനും, ചെമ്മീൻ കൃഷിക്കും, മരച്ചീനിക്കും, കാലിത്തീറ്റക്കും, വ്യാവസായികാവശ്യങ്ങൾക്കും പ്രത്യേക സാമ്പത്തിക മേഖലകൾക്കും വേണ്ടി പരിവർത്തനം ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇത്തരത്തിലുള്ള "വികസന പദ്ധതികൾ" കർഷകരെ അവരുടെ ഭൂമിയിൽനിന്ന് പുറത്താക്കുന്നു.

ലോകവ്യാപാര സംഘടനയുടെ കൃഷിയിന്മേലുള്ള കരാറുകൾ, ഉദാരവൽക്കരണ നയങ്ങൾ, ട്രിപ്സ്, ഉഭയകക്ഷി സ്വതന്ത്രവ്യാപാരകരാറുകൾ എന്നിവ പാരമ്പര്യവിത്തുകളുടെയും കൃഷിയേയും ബഹുരാഷ്ട്ര കുത്തക കമ്പനികൾക്ക് വിൽക്കുകയാണ്. രാസവള കീടനാശിനിപ്രയോഗം മൂലം മണ്ണ് നിർജ്ജീവമായിരിക്കുകയും ചെയ്തിരിക്കുന്നു.

വ്യവസായവുമായി സഹകരിച്ച് കമ്പനികൾക്ക് നെൽവിത്തുകളുടെയും കൃഷിയുടെയും മേൽ അധികാരം നൽകുന്നതിന് സഹായിക്കുന്ന ഇന്റർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങൾ ഈ അജണ്ടയെ കൂടുതൽ ശക്തമാക്കുന്നു.

"ഹരിത വിപ്ലവ"ത്തിലൂടെ കമ്പനികൃഷി ജനങ്ങളെയും നെൽവയലുകളെയും കീടനാശിനികൾകൊണ്ടും രാസവളങ്ങൾകൊണ്ടും വിഷമയമാക്കി. നെൽവയലുകൾ നശിപ്പിച്ചു. നെല്ലിന്റെ ആവാസ വ്യവസ്ഥ പ്രകൃതിപരമായ നെൽകൃഷി രീതി, നെല്ലിന്റെ സംസ്കാരം എന്നിവ തകർത്തു. കൂടാതെ ധാന്യഭക്ഷണ സുരക്ഷിതത്വത്തെ സാരമായി തുരങ്കം വച്ചു.

കാർഷിക കച്ചവടം ആദ്യം ഹൈബ്രിഡ് നെല്ലിന് വഴിയൊരുക്കി, ഇപ്പോൾ ഗോൾഡൻ റൈസ്, ബി.ടി റൈസ്, ലിബർട്ടി ലിംഗ് റൈസ് തുടങ്ങിയ ജനിതകമാറ്റം വരുത്തിയ നെല്ലിനങ്ങൾക്കും. ഇത് വളരെ ശക്തിയേറിയതും വ്യത്യസ്തവുമായ പാരമ്പര്യ വിത്തുകൾ നശിപ്പിക്കുക മാത്രമല്ല അവയെ വിഷലിപ്തമാക്കുകയും ചെയ്തു. ഭക്ഷ്യ കാർഷിക സംഘടന ജനിതകമാറ്റത്തെ ലോകത്തിന്റെ വിശപ്പിനുള്ള പരിഹാരമായി കാണിച്ച് പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ ഇത് തികച്ചും അസത്യമായ പ്രചാരണമാണ്. ജനിതകമാറ്റം ലോകത്തിലെ വിശപ്പ് എന്ന പ്രശ്നം കൂടുതൽ ഗുരുതരമാക്കുകയേ ഉള്ളൂ.

ജൈവവൈവിധ്യം അടിസ്ഥാനമാക്കിയുള്ള പ്രകൃതിപരമായ നെൽക്കൃഷി നിലനിൽക്കുന്നതാണെന്ന് കാണിക്കാൻ വേണ്ടത്ര തെളിവുകളുണ്ട്. മറിച്ച് കമ്പനിക്കൃഷി പരാജയമാണെന്നു കാണിക്കുന്നതിനും വേണ്ടത്ര തെളിവുകളുണ്ട്. മാത്രമല്ല ജനിതകമാറ്റം വരുത്തിയ നെല്ല് സുരക്ഷിതമാണെന്നു കാണിക്കാൻ തെളിവുകളൊന്നുമില്ലതാനും.

## ഞങ്ങളുടെ നിലപാട്

ഏഷ്യയിലെ ജനങ്ങൾ എന്ന നിലയ്ക്ക് ഞങ്ങളുടെ അസന്നിഗ്ധമായ നിലപാട് വ്യക്തമാക്കുന്നു.

1. **ഞങ്ങൾ ഊന്നിപ്പറയുന്നു**

- നെൽ സംസ്കാരം, സമൂഹങ്ങളുടെ അറിവ്, ജൈവവൈവിധ്യം അടിസ്ഥാനമായുള്ള പ്രകൃതികൃഷി, ഭക്ഷ്യസുരക്ഷിതത്വം, ഭക്ഷ്യ പരമാധികാരം എന്നിവയാണ് നെൽകൃഷിയുടെയും ഉപഭോഗത്തിന്റെയും ആഗോള വ്യാപാരത്തിന്റെയും അടിസ്ഥാനമാകേണ്ടത്.
- കർഷകരുടെ അറിവുകൾ പരമ്പരാഗത നെൽ സംസ്കാരം, നെൽകൃഷി രീതികൾ എന്നിവ സംരക്ഷിക്കുകയും നശിക്കാതെ സൂക്ഷിക്കുകയും വേണം.
- പരമ്പരാഗത നെൽവിത്തിനങ്ങൾ സംരക്ഷിക്കുകയും കേടുകൂടാതെ സൂക്ഷിക്കുകയും വേണം. നമ്മുടെ നെല്ലിനങ്ങൾ കമ്പനികൾക്ക് ലാഭമുണ്ടാക്കാൻ വേണ്ടി നൽകരുത്. ഐ. ആർ. ആർ. ഐ. പോലുള്ള ഗവേഷണ സ്ഥാപനങ്ങൾ കൈയ്യിൽ വച്ചിരിക്കുന്ന നെൽവിത്തിനങ്ങൾ പ്രാദേശിക സമൂഹങ്ങൾക്ക് തിരിച്ചുനൽകണം.
- നെൽകർഷക സമൂഹങ്ങൾ, പ്രത്യേകിച്ചും ചെറിയ കർഷക സമൂഹങ്ങളെയും തദ്ദേശ സമൂഹങ്ങളെയും സംരക്ഷിക്കണം.

2. താഴെപ്പറയുന്നവയെ ഞങ്ങൾ ശക്തമായി എതിർക്കുന്നു.

- ഞങ്ങളുടെ കൃഷിഭൂമിയിൽ കീടനാശിനികളുടെയും കൃത്രിമ വളങ്ങളുടെയും ഉപയോഗം.
- നെൽകൃഷിയിൽ ഭൂഗർഭജലത്തിന്റെ അമിതമായ ചൂഷണം.
- വളരെയേറെ ബാഹ്യഘടകങ്ങൾ ആവശ്യമായ ഹൈബ്രിഡ് നെല്ല്.

3. താഴെപ്പറയുന്നവ ഞങ്ങൾ ശക്തമായി തള്ളിക്കളയുന്നു.

- ജനിതകമാറ്റം വരുത്തിയ നെല്ല് - ജനിതകമാറ്റം വരുത്തിയ ഭക്ഷണം സ്വയം കഴിക്കാനും ഞങ്ങളുടെ കുട്ടികൾക്ക് കൊടുക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നില്ല.
- ഞങ്ങളുടെ നെൽവിത്തുകളിൽ ജനിതകമാറ്റം വരുത്തുന്നത്, അവയുടെ പേറ്റന്റിംഗ്, ബാഹ്യ ഉടമസ്ഥത.
- ലോകവ്യാപാര സംഘടനയും അതിന്റെ ഭക്ഷണത്തിനും കൃഷിക്കും മേലുള്ള നിയന്ത്രണം.

4. വ്യവസായവുമായി ചേർന്ന് നെല്ലിന്റെയും നെൽകർഷകരുടെയും അഭിവൃദ്ധിക്ക് എതിരായി പ്രവർത്തിക്കുന്ന IRRI പോലുള്ള സ്ഥാപനങ്ങളെ ഞങ്ങൾ ശക്തമായി അപലപിക്കുന്നു. ദശലക്ഷക്കണക്കിനാളുകൾക്ക് ഭക്ഷണം നൽകാനും വിശപ്പ് ഇല്ലാതാക്കാനും നെൽകൃഷിയും ഉൽപാദനവും ചെറുകർഷകരിലേക്കും സമൂഹങ്ങളിലേക്കും തിരിച്ചുവരേണ്ടതുണ്ട്. വരും തലമുറകൾക്ക് നമ്മുടെ സംസ്കാരത്തിലും നമ്മുടെ ഉപജീവനത്തിലും ഉള്ള അവകാശങ്ങളും അതോടൊപ്പം വിശപ്പിൽ നിന്നുള്ള മോചനവും ഉറപ്പുവരുത്തുന്നതും കൂടാതെ ഞങ്ങൾ ഞങ്ങളുടെ അവകാശങ്ങൾ തിരിച്ചുപിടിക്കുന്നതും നെല്ലിലൂടെയാണ്.

5. ലോകവ്യാപകമായി ഭക്ഷ്യ കാർഷികയിനങ്ങളിൽ തീരുമാനങ്ങളെടുക്കുന്നവരോട് അടിയന്തിരമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ ഞങ്ങൾ ആവശ്യപ്പെടുന്നു.

1. നെൽ സംസ്കാരത്തെയും ജൈവവൈവിധ്യം അടിസ്ഥാനമാക്കിയ പ്രകൃതിപരമായ നെൽകൃഷിയെയും നശിക്കാതെ സൂക്ഷിക്കാനും സംരക്ഷിക്കാനും ഉയർത്തിപ്പിടിക്കാനുമുള്ള ദേശീയവും ആഗോളവുമായ ശ്രമങ്ങളെ സഹായിക്കുക.
2. യഥാർത്ഥ കാർഷിക പരിഷ്കരണങ്ങൾ നടപ്പിലാക്കുക.
3. ഭൂമിയും ഭക്ഷ്യപരമാധികാരവും നശിക്കാതെ സൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. ചെറുകിട നെൽകർഷകരുടെയും നെൽകൃഷി ചെയ്യുന്ന സമൂഹങ്ങളെയും ഉപജീവനവും അവകാശങ്ങളും സംരക്ഷിക്കുക. പ്രത്യേകിച്ചും തനതു സമൂഹങ്ങളുടെ നെല്ലിലും കൃഷിയിലും തുറന്ന വ്യാപാരം സാധ്യമാക്കുന്ന എല്ലാ നയങ്ങളും കരാറുകളും ഇല്ലാതാക്കുക.
4. ജനിതകമാറ്റം വരുത്തിയ വിത്തുകളുടെയും ഭക്ഷണത്തിന്റെയും കാര്യത്തിൽ മുൻകരുതൽ നയം സ്വീകരിക്കുക. ജനിതകമാറ്റം വരുത്തിയ നെല്ലിന്മേൽ പരിപൂർണ്ണ നിരോധനം ഏർപ്പെടുത്തുക.
5. "ജീവനുമേൽ പേറ്റന്റുകളില്ല" എന്ന നയം സ്വീകരിക്കുക. വിത്തുകളും പാരമ്പര്യ ജ്ഞാനവും പേറ്റന്റ് ചെയ്യുന്നത് നിരോധിക്കുക. കർഷകരുടെ വിത്തു സംരക്ഷിക്കുന്ന നാടൻ സംവിധാനത്തിൽ സംരക്ഷിക്കുകയും ശാക്തീകരിക്കുകയും ചെയ്യുക.
6. നെല്ലിന്റെയും നെൽകൃഷി ആവാസ വ്യവസ്ഥയുടെയും സുരക്ഷ ഉറപ്പു വരുത്തുക. കീടനാശിനികളും കൃത്രിമവളങ്ങളും കൃഷിഭൂമിയിൽ ഉപയോഗിക്കുന്നത് നിരോധിക്കുക. അതിനുപകരം പ്രകൃതിദത്തമായ കീട, കള നിയന്ത്രണ സംവിധാനങ്ങൾ ഉപയോഗിക്കുകയും ഇത്തരം സംവിധാനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.
7. ഭൂഗർഭജലം ജലസേചനത്തിനായി ഉപയോഗിക്കുന്നത് കർശനമായി നിയന്ത്രിക്കുക. മാത്രമല്ല ഭൂഗർഭജലത്തിന്റെ നിലനിൽക്കാവുന്ന രീതിയിലുള്ള ഉപയോഗം ഉറപ്പു വരുത്തുക.
8. IRRI അടച്ചുപൂട്ടുകയും അതിനോടനുബന്ധിച്ച് വിവിധ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന PRRI, BRRI എന്നിവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ചെയ്യുക.
9. കൃഷിക്കുമേൽ ജനങ്ങൾക്കുള്ള നിയന്ത്രണം ഉയർത്തിപ്പിടിക്കുക. കർഷകനെ കേന്ദ്രീകരിച്ചുള്ള കാർഷിക ഗവേഷണങ്ങളും സംവിധാനങ്ങളും നടപ്പിലാക്കുക.

ആരെ സംരക്ഷിക്കുമെന്നാണോ നിങ്ങൾ പ്രതിജ്ഞ ചെയ്തിരിക്കുന്നത്, അവരുടെ ഏഷ്യയിലെ ജനങ്ങളുടെ സത്യസന്ധമായ ശബ്ദം നിങ്ങൾ കേൾക്കണമെന്നും ഈ നിർദ്ദേശങ്ങൾ ഉടൻ നടപ്പിലാക്കണമെന്നും ഞങ്ങൾ ഭക്ഷ്യ കാർഷിക മേഖലയിലെ നയങ്ങളെപ്പറ്റി തീരുമാനമെടുക്കുന്ന എല്ലാവരോടും ആവശ്യപ്പെടുന്നു.

# നെൽപ്പാടങ്ങളിൽ നിന്ന്

അനിത തമ്പി

ഒരു് വലിയ നെൽപ്പാടത്തിന്റെ കരയിലായിരുന്നു ഞങ്ങളുടെ വീട്. ആ പാടങ്ങൾ ഞങ്ങളുടേതായിരുന്നില്ലെങ്കിലും എഴുപതുകളുടെ ഒടുവിൽ തുടങ്ങി എമ്പാടും മുളച്ചു വന്ന രണ്ടോ മൂന്നോ കിടക്കമുറികളുള്ള കോൺക്രീറ്റ് മേൽക്കൂരയുള്ള ഒരു വീടായിരുന്നു ഞങ്ങളുടേതും. വളരെ പാടുപെട്ട് അച്ഛൻ ഉണ്ടാക്കിയത്. പ്രധാനറോഡിൽ നിന്ന് ആ വീട്ടിലേക്ക്, അമ്മയുടെ ഭാഷയിൽ പറഞ്ഞാൽ ലോറി കയറുന്ന ഒരു വഴി നിർമ്മിക്കുവാൻ വേണ്ടി അച്ഛൻ വാങ്ങിയ കണ്ടത്തിന്റെ ശേഷിച്ച ഭാഗത്ത് മാത്രം ഞങ്ങൾ വല്ലപ്പോഴും കൃഷിയിറക്കി. വീട്ടിൽ ലോറി കയറുന്നത് എന്തിനാണെന്ന് ഞങ്ങൾ കുട്ടികൾക്കോ അച്ഛനോ മനസ്സിലായിരുന്നില്ല. പക്ഷെ വീട്ടിലേക്ക് ലോറികയറുന്ന വഴി തന്നെ വേണമെന്ന് അമ്മ എന്നും നിർബന്ധം പിടിച്ചു.

അച്ഛൻ ഒരു സാധാരണ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായിരുന്നു. നല്ല കമ്മ്യൂണിസ്റ്റുകാരനും ആയിരുന്നു. അക്കാലത്തെ മിക്കവാറും കമ്മ്യൂണിസ്റ്റുകളേയും പോലെ വലിയ ജന്മികുടുംബത്തിൽനിന്ന് ചെറുപ്രായത്തിൽ തന്നെ കമ്മ്യൂണിസ്റ്റായിപ്പോയ ഒരാൾ. കമ്മ്യൂണിസമല്ലാതെ ഉപജീവത്തിന് മറ്റൊന്നും പഠിച്ചെടുക്കാൻ കഴിയാതിരുന്നയാൾ. ഇളം പ്രായത്തിൽത്തന്നെ ഒളിവിലായി, കേസിൽപ്പെട്ടു, ജയിലിൽ വർഷങ്ങളോളം കഴിഞ്ഞു.... പിന്നീട് വളരെ വർഷങ്ങൾ കഴിഞ്ഞാണ് വിവാഹം കഴിക്കുന്നതും വീടു വയ്ക്കുന്നതും. വീടുവയ്ക്കാൻ സ്ഥലം നോക്കുമ്പോൾ അച്ഛന് നഗരലക്ഷണങ്ങൾ വിഷയമേ ആയിരുന്നില്ല. ഹരിപ്പാട്ടെ വയൽക്കരയിലെ സ്ഥലം അമ്മയ്ക്കിഷ്ടപ്പെടുകയില്ലെന്ന് അച്ഛന് അറിയാമായിരുന്നു. അതുകൊണ്ടാവണം അന്ന് പത്തു വയസ്സുമാത്രമുണ്ടായിരുന്ന എന്നെ അച്ഛൻ ആ സ്ഥലം കാണിക്കാനായി കൊണ്ടുപോയത്. ചെറിയ കുട്ടിയായ എന്റെ പോലും പിന്തുണ അന്ന് അച്ഛന് പ്രധാനമായിത്തീർന്നു!

നാൽപതു സെന്റ് തെങ്ങിൻപുരയിടം റോഡിൽ നിന്ന് പത്തിരുന്നൂറു വാര വരമ്പുത്തുടെയാണ് വഴി. അയലെല്ലാം പാവപ്പെട്ട തൊഴിലാളിവീടുകൾ. ഇരുവശത്തും പരന്ന നെൽപ്പാടങ്ങൾ.

എനിക്ക് വയൽക്കരയിലെ ആ സ്ഥലം വളരെ ഇഷ്ടപ്പെട്ടു.

ആ സ്ഥലത്താണ് എന്റെ ശേഷിച്ച ബാല്യവും കൗമാരവും യൗവനത്തിന്റെ ആരംഭവും കഴിഞ്ഞത്. പാടവും അതിന്റെ ചര്യകളുമാണ് ഞങ്ങളുടെ നിത്യജീവിതത്തിന്റെ വിശദാംശങ്ങളെ നിർണ്ണയിച്ചത്.

പച്ചയായും മഞ്ഞയായും വെടിച്ച മണ്ണായും വെള്ളമായും പാടത്ത് വർഷങ്ങൾ വന്നുപോകുന്നത് കണ്ടു കണ്ട് ജീവിതം മുന്നോട്ടു നീങ്ങി....

ആ പ്രദേശത്തെ പാടങ്ങളെല്ലാം, അറിയാത്തിടങ്ങളിൽ പരന്നു പരന്നു കിടക്കുന്ന പാടങ്ങളെല്ലാം ഞാൻ നടന്നു നടന്നു കണ്ടിട്ടുണ്ട്. നെല്ലു വിളയുന്ന കാലത്ത് സ്കൂളിൽ നിന്നും വരുന്ന വഴി ബസ്സിൽ കയറാതെ നടന്ന് പാടങ്ങളിൽ കൂടിയുള്ള പുതിയ വഴികൾ കണ്ടു പിടിച്ചു. പാലുറച്ചുവരുന്ന കതിരുകൾ പൊട്ടിച്ചു തിന്നു. വരമ്പത്തെ ഓരോ പൂവിനെയും പച്ചയേയും പഠിച്ചു.

ചിലപ്പോഴൊക്കെ വഴി തെറ്റിയപ്പോൾ ചെമ്മൺപാതകൾക്കരികിലെ പെട്ടിക്കടക്കാർ വഴിപറഞ്ഞു തന്നു. ചിലപ്പോൾ പാടത്തിനക്കരെയുള്ള റേഷൻ കടയിൽ ഗോതമ്പോ പഞ്ചസാരയോ വാങ്ങാൻ പോകുമ്പോൾ അതിന്നുമപ്പുറത്തുള്ള ഒന്നോ രണ്ടോ പാടങ്ങളിൽക്കൂടി ഓടി നടന്നിട്ടു വന്നു.

ഓണക്കാലത്ത് പൂപറിക്കാൻ പോകുമ്പോഴായിരുന്നു സ്വതന്ത്രമായി പാടങ്ങൾ നടന്നറിഞ്ഞിരുന്ന മറ്റൊരവസരം. വെള്ളം നിറഞ്ഞു കിടന്ന ഹരിപ്പാട്ടെയും കരുവാറ്റയിലെയും പാടങ്ങളിൽ നിന്ന് ആമ്പലുകളും അപൂർവ്വമായി താമരയും ഞങ്ങൾക്ക് കിട്ടി. ഇറുത്തെടുക്കുമ്പോഴെ വാടിപ്പോകുന്ന ചില വെള്ളപ്പൂവുകൾ വാടുകയില്ലെന്ന പ്രതീക്ഷയിൽ ഞങ്ങൾ കുട്ടികൾ വീണ്ടും വീണ്ടും ഇറുത്തെടുത്തു കൊണ്ടുപോന്നു.

ഒരിക്കൽ സർക്കാരിന്റെ ആളുകൾ ചങ്ങലകളുമായി വന്ന് ഞങ്ങളുടെ പറമ്പിന്റെ പാടത്തോടു ചേർന്ന തെക്കുപടിഞ്ഞാറേ മൂല ത്രികോണാകൃതിയിൽ അളന്നുമാറ്റി. ഒരു ഞാറമരവും ഒരു പറങ്കിമാവും ഞങ്ങളിൽനിന്നു വേർപ്പെടുത്തപ്പെട്ട് ആ തുണ്ടു മണ്ണിൽ നിന്നു. ഒരു സെന്റോ മറ്റോ മാത്രം വരുന്ന ആ മൂലയെ പറമ്പിൽനിന്ന് വേർപ്പെടുത്തിക്കൊണ്ട് വരാൻ പോകുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാലിനു വേണ്ടിയായിരുന്നു അത്. പാടം മുറിച്ചുവന്ന ആ കനാലിന് ഞങ്ങളുടെ പറമ്പിന്റെ ആ കൊച്ചുമൂല മുറിക്കാതെ പോകാമായിരുന്നു എന്ന് എല്ലാവർക്കും തോന്നി. കനാലിന്റെ കരിങ്കൽക്കെട്ടു കഴിഞ്ഞപ്പോഴേക്കും ഞങ്ങൾ അതിന് ഒരു പുതിയ ഉപയോഗം കണ്ടുപിടിച്ചു. കെട്ടിന്റെ ഇരുവശത്തുമായി സുഖമായി കുത്തിയിരുന്ന് അതിനെ ഒഴുകുന്ന വെള്ളമുള്ള ഒരു കക്കൂസാക്കാമെന്ന് ഞങ്ങൾ കുട്ടികൾ ആഗ്രഹിച്ചു. പക്ഷെ ആ കനാലിലൂടെ ഒരിക്കലും വെള്ളം ഒഴുകിയതേയില്ല.

വീട്ടിൽ പശുക്കളുണ്ടായിരുന്നു. പശുവിന് ഏറ്റവുമിഷ്ടം അപ്പോൾ പറിച്ചെടുത്തു കഴുകിവാരിയ കറുകപ്പുല്ലാണ്. പാടത്തിന്റെ വരമ്പു

കളിലും ഇടവഴിയുടെ വശങ്ങളിലും തഴച്ചു പടർന്നിരുന്ന പുല്ലു പറിച്ച് കൊട്ടകളിൽ കൊണ്ടുവന്ന് അടുക്കളയ്ക്കു പിന്നിലെ തെങ്ങിൻ ചുവട്ടിൽ കുടഞ്ഞിട്ടാൽ അമ്മ ചെറിയ സമ്മാനങ്ങൾ തരും. നാലണത്തുട്ടുകളോ പ്രത്യേകമായ പലഹാരങ്ങളോ എന്തെങ്കിലും. പാടത്ത് പുല്ലു പറിക്കാൻ പോകാൻ എനിക്കിഷ്ടമായിരുന്നു. പച്ചമണ്ണിൽ നിന്നും പുല്ല് വേരുപറിഞ്ഞു വരുമ്പോഴുള്ള മണമാണ് എനിക്കേറ്റവും പ്രിയപ്പെട്ട മണം.

കൊയ്ത്തു കഴിഞ്ഞ പാടത്ത് നല്ല വെയിലത്ത് ശേഷിക്കുന്ന കച്ചിക്കുറ്റികൾ ഉണങ്ങി നിൽക്കും. ഉണങ്ങുന്ന ചെളി കടലാസിൽ വരച്ച മരച്ചില്ലകളുടെ പടം പോലെ ചെറുതായി വെടിച്ചു വരും. ചെളിക്കു മീതെ ഉയർന്നു നിൽക്കുന്ന കച്ചികുറ്റികൾ അരിഞ്ഞെടുത്ത് വള്ളിക്കുട്ടകളിൽ നിറയ്ക്കണം. അതും പശുക്കൾക്കുള്ളതാണ്. തുറുവിലെ നല്ല വയ്ക്കോൽ പെട്ടെന്നു തീർന്നുപോകാതെ കൂടുതൽ കാലത്തേക്ക് സൂക്ഷിക്കാനുള്ള വിദ്യ. എഴുന്നു നിൽക്കുന്ന കച്ചിക്കുറ്റികൾക്കിടയിൽ നെന്മണികൾ ചിതറിക്കിടക്കുന്നുണ്ടാവും. അതു കൊത്തിപ്പെറുക്കുന്ന കിളികൾ എമ്പാടും തുള്ളിപ്പാറും....

രണ്ടു നെൽക്കാലങ്ങൾക്കിടയിലെ ഇടവേളകളിൽ ചിലപ്പോൾ എള്ള് കൃഷി ചെയ്തു. ചിലപ്പോൾ പയറോ പച്ചക്കറികളോ നട്ടു വിളയിച്ചു. പൂത്തുമറിഞ്ഞ എള്ളിൻപാടത്തിന്റെ ഭംഗി കണ്ണാൽ കണ്ടു തന്നെ അറിയണം. പാടത്തെ പന്തലുകളിൽ അറ്റത്ത് കല്ലു കെട്ടിയിട്ട പടവലങ്ങകൾ നോക്കിനിൽക്കെ നീണ്ടു വളർന്നു വന്നു. കടലാസു ചുറ്റിയ പാവയ്ക്കയും നിലത്തു പടർന്നു കായ്ച്ച സ്വർണ്ണവെള്ളരിയും പയർവള്ളികളും വന്നു. പരന്ന പാടങ്ങളിലെ ഇടക്കണ്ടങ്ങളിൽ തെറിച്ചുവീണതുപോലെ കിടക്കുന്ന ചീരത്തടങ്ങൾ ഇപ്പോഴും ആലപ്പുഴയ്ക്കുള്ള റോഡിന്റെ വശങ്ങളിൽ അവശേഷിക്കുന്ന ചില പാടങ്ങളിൽ കാണാം. ഓടുന്ന ബസ്സിലിരുന്ന് നോക്കുമ്പോൾ അവ ചോര തുടിക്കുന്ന ഹൃദയങ്ങൾ പോലെ തോന്നിക്കും. കേരളത്തിലെ, പ്രത്യേകിച്ച് മദ്ധ്യതിരുവിതാംകൂറിലെ കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിന്റെ ഉത്ഭവവും വളർച്ചയും ഇന്നത്തെ അവസ്ഥയും അവിടുത്ത നെൽപ്പാടങ്ങളുടെ ജീവിതവുമായി ചേർത്തുവച്ചു കാണാവുന്നതാണ്.

അച്ഛൻ മരിച്ച് മൂന്നാലു വർഷങ്ങൾ കൂടി ഞങ്ങൾ ആ വീട്ടിൽ താമസിച്ചു. പിന്നീട് അതു വിറ്റ് തിരുവനന്തപുരത്തേക്ക് പോന്നു. വീട് വിൽപ്പനയ്ക്ക് രജിസ്ട്രാർ ആപ്പീസിൽ നിൽക്കുമ്പോൾ ഒന്നും തോന്നിയില്ല. നാടും വീടുംവിട്ടു പോരുന്നതിന്റെ വേദനപോലും. പക്ഷെ അന്നു രാത്രിയിൽ പനിച്ചു. രണ്ടാഴ്ച അങ്ങനെ പനിച്ചുകിടന്നു.... പിന്നെ എഴുന്നേറ്റ് ജോലിക്ക് പോയിത്തുടങ്ങി. പുറമേ എല്ലാം സാധാരപോലെ തന്നെ തോന്നിച്ചു.... അവയവം മുറിച്ചുമാറ്റപ്പെട്ട് ആശുപത്രിയിൽ നിന്നും മുറിവ് പൊറുത്ത് വന്നവരെപ്പോലെ.

പിന്നീട് പലതവണ ഹരിപ്പാട്ടു കൂടി കടന്നുപോയിട്ടും ഒരിക്കൽപോലും പഴയ വീടോ അതിനെ ചുറ്റിനിന്ന പാടമോ കാണാൻ പോയില്ല.

തിരുവനന്തപുരത്ത് വീടുണ്ടാക്കാൻ സ്ഥലം നോക്കി നടന്നപ്പോൾ ഒരിയ്ക്കൽ ഒരു പാടത്തിന്റെ കരയിൽ എത്തി. ഒറ്റത്തു നിന്നും കഷണങ്ങളായി നികത്തി കെട്ടിടങ്ങൾ ഉയർന്നുകൊണ്ടിരുന്ന ഒരു പാടം. ആഗ്രഹത്തിനെതിരായി അവസാനിപ്പിക്കേണ്ടിവന്ന ഒരു ഹൃദയ ബന്ധത്തിന്റെ ഓർമ്മകൾ അപ്രതീക്ഷമായി നേരിടേണ്ടി വന്നവരെപ്പോലെ ഞാൻ പാഞ്ഞു. ഒരിക്കൽ ഏറ്റവും പ്രിയപ്പെട്ടതായിരുന്ന ആ ഭൂഭാഗത്തിന്റെ ലാഞ്ഛനപോലുമില്ലാത്ത കുത്തനെയുള്ള ഒരു കുന്നിൻചെരുവിൽ ചെന്നു നിന്നു. വീട് വച്ചത് ആ കുന്നിൻ ചെരുവിലാണ്....

ഹരിപ്പാട്ടെ പാടത്തിന്റെ കരയിൽ നിന്ന്, ലോറികയറുന്ന ടാർ റോഡുള്ള തിരുവനന്തപുരത്തെ കുന്നിൻ ചെരിവിലെത്താൻ എനിക്ക് ഇരുപത്തിയഞ്ചു കൊല്ലമെടുത്തു.

പാടങ്ങൾ തോറും മുളച്ച് ഇടവഴികളിൽ കനംവച്ച്, ടാർ റോഡുകൾ കടന്ന് നീണ്ടിയ ചെങ്കൊടിയേന്തിയ ജാഥകൾ പട്ടണങ്ങളിലെ കവലകളിൽ എത്തി പിരിഞ്ഞുപോയി. പട്ടണങ്ങളായി മാറിയ ഇടങ്ങളിലെ ഒരേപോലെയുള്ള മുറികളിലേക്ക് ഓരോരുത്തരും നട്ടുവച്ചതു പോലെ പോയി ഉറച്ചു. അതിന് ആറു പതിറ്റാണ്ടിലേറെ കാലമെടുത്തു....


ആൾട്ടർ മീഡിയ

**ഓർഗാനിക് ബസാർ - 2007**

എപ്രിൽ 19,20,21 തീയതികളിൽ (വ്യാഴം,വെള്ളി,ശനി) തൃശ്ശൂർ സാഹിത്യ അക്കാദമിഹാളിൽ - കാർഷികോൽപന്നങ്ങളുടെ പ്രദർശനവും വില്പനയും

**മാങ്ങോത്സവം**

നാടൻ മാങ്ങകളുടെയും ഉല്പന്നങ്ങളുടെയും പ്രദർശനവും വില്പനയും

കൂടാതെ പുസ്തകങ്ങൾ, മുള ഉല്പന്നങ്ങൾ, മരക്കളിപ്പാട്ടങ്ങൾ, പ്രകൃതി ചായങ്ങളിലുള്ള തുണിത്തരങ്ങൾ, ടെറാകോട്ട, ജൂട്ട്, ചിരട്ട ഉല്പന്നങ്ങൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

ആൾട്ടർ മീഡിയ
ബ്രഹ്മസ്വം മഠം ബിൽഡിംഗ്,
എം.ജി.റോഡ്, തൃശ്ശൂർ-1
ഫോൺ: 0487-2422974

# ചാത്തൻ ഇവിടെത്തന്നെയുണ്ട്

എസ്. ഉണ്ണികൃഷ്ണൻ

മുത്തച്ഛന്റെ
മനഃസാക്ഷിയായിരുന്നു ചാത്തൻ
പാടത്തു വരമ്പുവെച്ചും
കാളത്തേക്കു നടത്തിയും
നെല്ലിന്റെ ചിനച്ചുപൊട്ടുംപോലെ
ചാത്തൻ
ഒരു നല്ല വിളവിന്റെ കാലം
പുഞ്ചക്കാലം മുഴുവൻ
ചാത്തൻ
മനക്കൊടിക്കായലിലായിരുന്നു
കൊയ്ത്തുകഴിഞ്ഞാൽ
കറ്റ മെതിച്ചുതീരുംവരെ
കളത്തിലെ നിറഞ്ഞപൊലി
മുത്തച്ഛൻ മരിച്ചു
ചിതയമർന്നപ്പോൾ
പൂത്ത മുളയുടെ
വിത്തുകളോടൊപ്പം
ചാത്തനെയും കാറ്റുകൊണ്ടുപോയോ ?
ശൂന്യമായ ഏറുമാടവും
അഴുക്കുപിടിച്ച പോത്തുകളും
വിളക്കിൽ, വിളിയിൽ
അന്തിക്കള്ളിൽ
സാക്ഷി നിന്നു
പക്ഷെ മകരക്കൊയ്ത്തു കഴിഞ്ഞപ്പോൾ
പാടത്തു തനിയെ എള്ളു മുളയ്ക്കാൻ തുടങ്ങി



വയൽവരമ്പത്തെ
പാലമരച്ചുവട്ടിൽ
സന്ധ്യക്ക്, ഒരു ചെരാത്
തനിയെ കത്താൻ തുടങ്ങി
അമാവാസിയുടെ
കറുത്തപാടത്തിൽ
പാർപ്പിടങ്ങൾ നിറഞ്ഞപ്പോൾ
പാലമരവും പോയി
പക്ഷെ
വെളുത്തവാവിൽ
വീശുന്ന കാറ്റിൽ
ചില പിറുപിറുക്കൽ കേൾക്കാം
വിത്തെറിയുന്ന
വടിവൊത്ത കൈ കാണാം
കടവാതിൽ ചപ്പിയിടുന്ന
അടക്കയും കൂട്ടി
ആരോ വെറ്റില മുറുക്കിത്തുപ്പുമ്പോൾ
മുളപൊട്ടുന്ന വിത്തുകൾ
മണ്ണിനടിയിൽ
ചിരിക്കുന്ന ശബ്ദം കേൾക്കാം.

# അരിയാഹാരവും ആരോഗ്യവും

**ഡോ. ആനന്ദ് പി.കെ.വി.**
വൈദ്യരത്നം ആയുർവ്വേദ കോളേജ്, ഒല്ലൂർ, തൃശൂർ

അങ്ങേയറ്റം പുരാതനമായ അരിയാഹാരശീലവും ഓരോ കാലഘട്ടത്തിലും പ്രചാരത്തിലുള്ള വിവിധയിനം നെല്ലിനങ്ങളുടെ ഗുണവ്യത്യാസങ്ങളും തനത് ആരോഗ്യശാസ്ത്രങ്ങളുടെ ഒരു പ്രധാന പഠന വിഷയമാണ്. ഓരോ പ്രദേശത്തിന്റെയും കാലഘട്ടത്തിന്റെയും വ്യത്യാസത്തിനനുസരിച്ച് നെല്ലിനങ്ങളുടെ പേരുകൾക്കുള്ള വ്യത്യാസം ശ്രദ്ധേയമാണ്. മറ്റൊന്ന് പ്രദേശ-കാലാവസ്ഥകൾക്കനുസരിച്ച് അവയ്ക്കുണ്ടാകുന്ന ആരോഗ്യസംബന്ധിയായ ഗുണവ്യത്യാസങ്ങളാണ്. കൂടുതൽ വെള്ളക്കെട്ടുള്ള ഇടങ്ങളിൽ കൃഷിചെയ്യുന്നവ ശരീരത്തിനുകൂടുതൽ പുഷ്ടിപ്പെടുത്തുന്നവയും ദഹിക്കാൻ താമസമുള്ളവയുമായിരിക്കും. വേനലിൽ കൃഷി ചെയ്യുന്നവയുടെ പുത്തരി മധുരം കുറഞ്ഞവയും എളുപ്പം ദഹിക്കുന്നവയുമാകും. കൂടാതെ ഓരോ ഇനങ്ങളുടെ തനത് സ്വഭാവമനുസരിച്ചും ആരോഗ്യപ്രവർത്തനങ്ങൾ മാറുന്നു.

കഴുകിയാൽ തൂവെള്ള നിറമാകുന്ന അരികൾക്ക് ശാലി എന്നും കഴുകിയാലും നിറവ്യത്യാസമുണ്ടാകാത്തവയ്ക്ക് വ്രീഹി എന്നുമാണ് ആയുർവ്വേദം തരംതിരിക്കുന്നത്. വെള്ളരിയാണ് ആരോഗ്യത്തിന് കൂടുതൽ നല്ലതെങ്കിലും എന്തുകൊണ്ടോ കേരളത്തിൽ വ്രീഹിയിനങ്ങൾക്കാണ് പ്രചാരം. ഇവ ദഹിക്കാൻ കൂടുതൽ സമയമെടുക്കും. മധുരസമെങ്കിലും ദഹിച്ചുകഴിഞ്ഞാൽ പുളിരസം പോലെയാണിവ പ്രവർത്തിക്കുക. അതായത് ദേഹത്ത് ചൂടുണ്ടാക്കുകയും പിത്തം, മലം, മൂത്രം ഇവ വർധിപ്പിക്കുകയും ചെയ്യുന്നു. അവയിൽത്തന്നെ പാതിരിപ്പുവണ്ണൻ എന്ന ഇനം മൂന്നുദോഷങ്ങളേയും ഉണ്ടാക്കുന്നു. പെരുനെല്ല് കരുനെല്ല്, പുഴുക്കണ്ണിനെല്ല്, കോഴിക്കുട്ടൻ, ഉളിമുകത്തിനെല്ല്, പ്രാപ്പുറത്തിനെല്ല്, പന്നിക്കുട്ടൻ, കരിങ്കുറുവ, കമുകിൻ പൂന്താഴനെല്ല്, വലനെല്ല്, ചിറ്റേനി, മോടൻ, നറുനെല്ല്, നറുമ്പാഞ്ജി നെല്ല്, കുരാൽനെല്ല് ഇവ വലിയ ദോഷങ്ങൾ ഇല്ലാത്തവയാണ്. ആരോഗ്യത്തിന് ഏറ്റവും യോജിച്ച നെല്ലിനമായ നവരയും ഈ വ്രീഹികളിൽ പെടുന്നവയാണ്. അതിൽത്തന്നെ വെളുപ്പുകുറഞ്ഞ പുടയൻനവരയിനത്തേക്കാൾ നല്ലത് വെളുത്ത ഇനങ്ങളാണ്. നവരച്ചോറ് എല്ലാ ദോഷങ്ങൾക്കും ശമനമുണ്ടാക്കുന്നവയും എളുപ്പം ദഹിക്കുന്നവയും ശരീരത്തിന് തണുപ്പും ഉറപ്പും ഉണ്ടാക്കുന്നവയുമാണ്.

തൂവെള്ള അരിക്ക് പകരം ചുകന്ന മട്ടപോലുള്ള അരികൾക്ക് പ്രിയമുള്ള മലയാളത്തിൽ അതിന്റെ ദോഷവശങ്ങൾ കുറക്കാനും ദീർഘകാലം സൂക്ഷിക്കാനുമുള്ള സൗകര്യത്തിനും നെല്ല് പുഴുങ്ങുന്ന സമ്പ്രദായം സഹായിക്കുന്നു. പുഴുങ്ങലരി അതുകൊണ്ട് ഉണക്കല്ലരിയേക്കാൾ എളുപ്പം ദഹിക്കുകയും പിത്തഹരമായ തവിടിന്റെ അംശം അരിയോട് ചേർന്ന് യോജിക്കുന്നതുകൊണ്ട് അവ ആമാശയത്തിലെത്തിയാലുണ്ടാകുന്ന പുളിപ്പ് കുറയുകയും ചെയ്യുന്നു. ദീർഘകാലം സൂക്ഷിച്ചുവച്ച നെല്ലും അരിയും അതിന്റെ മധുരരസവും കഫപിത്തങ്ങളും മൂത്രവും വർദ്ധിപ്പിക്കാനുള്ള ശേഷിയും കുറഞ്ഞ് എളുപ്പം ദഹിക്കുന്നതായിത്തീരുന്നു. അതുകൊണ്ട് തന്നെ അവ രോഗികൾക്ക് പ്രത്യേകിച്ച് പ്രമേഹത്തിനും മറ്റും ഏറ്റവും യോജിച്ച ആഹാരമാണ്. പനിക്കാരും മറ്റും ഉപയോഗിക്കേണ്ട പൊടിയരിക്കഞ്ഞി ഇങ്ങനെ തനിയെ പഴകിപ്പൊടിഞ്ഞവയാണ്. ഇന്ന് വിൽപ്പനക്കെത്തുന്ന മില്ലിൽ പൊടിച്ച പൊടിയരിക്ക് സാധാരണ അരിയിൽനിന്നും വ്യത്യാസങ്ങളൊന്നുമില്ല.

നല്ലവെള്ള നിറമുള്ള അരികൾ എല്ലാം കഴുകുന്നതിനുമുമ്പുള്ള നിറം കൊണ്ടാകാം ചെന്നെല്ലെന്നാണ് അറിയപ്പെടുന്നത്. അവയെല്ലാം ശരീരപുഷ്ടിക്ക് നല്ലതും ദഹിക്കാൻ ബുദ്ധിമുട്ടില്ലാത്തതും ദേഹത്തെ തണുപ്പിക്കുന്നതും ലൈംഗികശേഷി വർദ്ധിപ്പിക്കുന്നതും മധുരമെങ്കിലും നേരിയ ചവർപ്പ് കൂടെനിൽക്കുന്നവയും ആണ്. അവ ആരോഗ്യത്തിന് ഹിതമെങ്കിലും മലശോധന കുറച്ച് മൂത്രം വർധിപ്പിക്കുന്നു എന്നതുകൊണ്ട് പ്രമേഹത്തിൽ അപഥ്യമാണ്. പെരുംഞ്ചെന്നെൽ, കളപ്പൊരിച്ചെന്നെൽ, വെൺചെന്നെൽ, നെടുവാലിച്ചെന്നെൽ, വെളുവാലിച്ചെന്നെൽ, നറുംചെന്നെൽ, കിളികൊള്ളി, പൊൻവർണചെന്നെൽ, യവച്ചെന്നെൽ, ആണ്ടുവിളച്ചെന്നെൽ, പൊടിച്ചെന്നെൽ, കൈവരച്ചെന്നെൽ, വേഴച്ചെന്നെൽ എന്നിങ്ങനെ നിരവധിയിനങ്ങൾ നല്ലതായി പറഞ്ഞിട്ടുണ്ട്.

150-200 വർഷങ്ങൾക്കുമുമ്പ് കേരളത്തിലുണ്ടായിരിക്കുന്ന നെല്ലിനങ്ങളുടെ നാടൻപേരുകളാണിവ. ആ കാലഘട്ടത്തിൽ എഴുതപ്പെട്ട അഷ്ടാംഗഹൃദയത്തിന്റെ വ്യാഖ്യാനങ്ങളിൽ ആണ് ഈ പേരുകൾ ഉള്ളത്. ഇവയിൽ ഏതാനും പേരുകളും ഇനങ്ങളും ഇന്നും പ്രചാരത്തിലുള്ളത് കൗതുകകരമാണ്.

**ജൈവ പച്ചക്കറി, പഴവർഗ്ഗം ആവശ്യമുണ്ട്**

പ്രകൃതി/ജൈവ പച്ചക്കറികൾ, ധാന്യങ്ങൾ, പഴവർഗ്ഗങ്ങൾ, ഭക്ഷ്യ വസ്തുക്കൾ, വീട്ടിലുണ്ടാക്കിയ ഉൽപ്പന്നങ്ങൾ ആവശ്യമുണ്ട്. മാന്യമായ വിലതരും. ബന്ധപ്പെടുക. അംബ്രോസ്,
**ലൂമെയർ ഇക്കോഷോപ്പ്**
ജി-268, പനമ്പള്ളി നഗർ,
**കൊച്ചി-682 036.**
ഫോൺ: 9446563949/9447144822.


പാഠം-ഒന്ന്
വിലാപം
സീ, ദിസ് ഈസ് അരിച്ചെടി. കേട്ടിട്ടില്ലേ പാഡി, റൈസ്..
യെസ് ഐ ലൈക്ക് ഫ്രൈഡ് റൈസ്
ഇതൊക്കെ കൃഷി നടന്നിരുന്ന നിലങ്ങളാ. നെല്ലു ഗവേഷണ കേന്ദ്രത്തിനു വേണ്ടി അക്വയര്‍ ചെയ്തു. എന്തൊരു വികസനം!
വാഹ്!
വാഹ്!
പാടം പച്ചപ്പ് പാവാടയിട്ടപ്പോള്‍.. പാവം നീയെത്ര.. മേലോട്ടു പൊന്തി..
കൃഷി വകുപ്പിലെ തസ്തികകള്‍ വെട്ടിക്കുറക്കുന്നതിനെതിരെ ഒരു കര്‍ഷക കലാപത്തിനു തിരി കൊളുത്തേണ്ടിയിരിക്കുന്നു..
വിവാദ് TV
ഒരു ക്ലൈമാക്സായിട്ട് ഇത്തിരി പാടം, ഒന്നു രണ്ടു തെങ്ങ് ഒരു കുളം.. മതി!
നമ്മുടെ ഗൃഹാതുര സിനിമകള്‍ സീരിയലുകള്‍, ഷൂട്ടുകള്‍ ഒക്കെ നടന്നു പോകണ്ടേ?



# കൃഷിപ്പാട്ട്

- വൈലോപ്പിള്ളി ശ്രീധരമേനോൻ

പണ്ടു പുഞ്ചയിൽ നെല്ലോ-
ടൊന്നിച്ചു നെല്ലിപ്പൂവിൻ
തണ്ടുപോൽ ചുറ്റിക്കേറി-
പ്പൂവിട്ടു നാടൻപാട്ടും

പുതുവർഷത്തിൽ പച്ച-
ഞാറുകൾ നടുമ്പോൾ, പൊൻ-
കതിർ കൊയ്തെടുക്കുമ്പോൾ,
കറ്റകൾ മെതിക്കുമ്പോൾ

ചെറുമിപ്പെൺതൈകൾതൻ
പ്രാകൃതകണ്ഠം വിട്ടു
ചെറുതേനരുവിപോൽ
ചോരുമാഗ്ഗാനാലാപം

വീരവും വിഷാദവും
കലർന്ന പുരാതന-
കേരളനാട്ടിൻ കഥാ-
സൗരഭം പകർന്നെത്തി

എന്നെ നിർവൃതികൊള്ളി-
ച്ചുള്ളതു നിനയ്ക്കുന്നേൻ
അന്യമാം ശീലിനൊന്നും
കഴിയാത്തൊരുമട്ടിൽ.

II

വേലയെ നൃത്തത്തിന്റെ
വകഭേദമായ് മാറ്റി-
യേലയിൽ പാടിക്കൂടി-
പ്പുണിത കവിതേ നീ

കോലകങ്ങളിൽ പട്ടും
വളയും നേടാൻ ചെന്നൂ
കോവിലിൽ പ്രസാദവും
തീർത്ഥവും കിട്ടാൻ നിന്നൂ

നാട്ടിലെസ്സംസ്കാരത്തിൻ
കൃഷിയിൽ പാടി, ക്കൊയ്താ-
ളേട്ടിലെക്കവികൾക്കു
മാനവും സമ്മാനവും

നന്നു, വണ്ടിയുന്തുന്നോർ,
വഞ്ചിയുന്നുന്നോർ, നെല്ലിൻ-
പൊന്നു നിർമ്മിപ്പോർ, പാടി-
പ്പോന്നൊരാസ്സംഗീതികൾ

പേരില്ലാക്കവികൾതൻ
കൃതിക, ളെങ്ങോ, നെല്ലി-
ത്താരീന്നും പാട; ത്തിളം-
നെല്ലിന്റെ പിനച്ചത്തിൽ

നീലക്കൽപ്പൊന്മോതിര-
മിടുവിക്കുന്നു, ണ്ടെന്നാൽ
വേലകെട്ടിയ മുത്തു-
താലി പൊട്ടിച്ചു ഗാനം !

III

നാളെയോ യന്ത്രം വിത്തു
വിതയ്ക്കും, യന്ത്രം കൊയ്യും,
നീളവേ യന്ത്രം കറ്റ
മെതിക്കും, യന്ത്രം ചേറും.

മനുജശ്രമം ലഘുതരമോ,-
മതു പിന്നെ
മധുരിപ്പിക്കാൻ ലഘു-
ഗാനമെന്തിനു വേണം

കൃത്രിമവളം നൂറു
മേനി നൽകീടാം, മർത്ത്യ-
ഹൃത്തിലെപ്പശിമാറ്റാ-
നെന്തന്ന്, യന്ത്രപ്പാട്ടോ?

അവലംബം: വിട (കവിതകൾ) (4-4-1966)